## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5149.** **23.03.2018 ൽ മറുപടിയ്ക്ക്**

## ലഹരിമുക്ത കേരളം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ.ശശി | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | 'ലഹരിമുക്ത കേരളം' നടപ്പാക്കാനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | ലഹരിമുക്ത കേരളം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ "വിമുക്തി"യെന്ന പേരിൽ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ രൂപീകരിച്ചിട്ടുണ്ട്. ലഹരിക്ക് അടിമപ്പെട്ടവരെ കൗൺസിലിംഗിലൂടെയും ആവശ്യമായ ചികിത്സ നൽകിയും സാധാരണ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ട് വരുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. സംസ്ഥാനത്ത് രണ്ട് ഇടങ്ങളിലായി രാവിലെ 8.00 മണി മുതൽ രാത്രി 8.00 മണിവരെ ടോൾ ഫ്രീ നമ്പറിലുള്ള ടെലഫോൺ വഴിയും, ആവശ്യമെങ്കിൽ നേരിട്ടും കൗൺസിലിംഗ് ലഭ്യമാകുന്ന തരത്തിൽ രണ്ട് കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ലഹരിയുടെ വഴി തെരഞ്ഞെടുക്കുന്നതിൽ നിന്ന് വിദ്യാർത്ഥികളേയും യുവജനങ്ങളേയും മാറ്റിയെടുക്കുന്നതിനുള്ള മികച്ച ബോധവത്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. ലഹരിക്കെതിരെ കായിക ലഹരിയെന്ന സന്ദേശം പ്രചരിപ്പിച്ച് കുട്ടികളെയും യുവാക്കളെയും കായിക രംഗത്തേയ്ക്ക് കൈപിടിച്ച് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.<br>"വിമുക്തി" മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ, കോളേജ് അടക്കം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സജീവമാക്കിയിട്ടുണ്ട്.വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നതും നാളിതുവരെ 1385-ഓളം പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. ലഹരിക്കെതിരെ 'കായിക ലഹരി' എന്ന പദ്ധതിയുടെ ഭാഗമായി 19 |

| | | | |
|---|---|---|---|
| | | | വയസ്സിൽ താഴെ പ്രായമുള്ള സ്കൂൾ തല സീനിയർ ആൺകുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ജനുവരി മാസത്തിൽ ജില്ലാതല കബഡി മത്സരങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. ജില്ലാതല വിജയികളെ പങ്കെടുപ്പിച്ചുകൊണ്ട് മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ വച്ച് 2018 ജനുവരിയിൽ സംസ്ഥാനതല മത്സരവും നടത്തുകയുണ്ടായി. കേരളത്തിലെ മികച്ച വോളീബോൾ ക്ലബ്ബുകളെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാതലമത്സരങ്ങളും തുടർന്ന് ജില്ലാതല വിജയികളെ പങ്കെടുപ്പിച്ചു കൊണ്ട് ആലപ്പുഴ ജില്ലയിൽ വച്ച് 2018 മാർച്ചിൽ സംസ്ഥാനതല മത്സരവും സംഘടിപ്പിക്കുക യുണ്ടായി. |
| (ബി) | ഇതിന്റെ ഭാഗമായി ഈ സർക്കാർ കാലയളവിൽ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത അബ്കാരി /എൻ.ഡി.പി.എസ്/കോട്പ കേസുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 39913 അബ്കാരി കേസ്സുകളും 9064 എൻ.ഡി.പി.എസ്. കേസ്സുകളും 125314 കോട്പ കേസ്സുകളും കണ്ടെടുത്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത കേസുകളുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റുചെയ്തുവെന്നും റെയ്ഡുകളിൽ കണ്ടെത്തിയ ലഹരി വസ്തുക്കൾ സംബന്ധിച്ചുമുള്ള വിശദാംശങ്ങളും ലഭ്യമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളുടെ വിദാംശം അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം.

| | | |
|---|---|---|
| റെയ്ഡുകളുടെ എണ്ണം | | 243977 |
| കേസ്സുകളുടെ എണ്ണം | അബ്കാരി | 39913 |
| | എൻ.ഡി.പി.എസ് | 9064 |
| | കോട്പ | 125314 |
| അറസ്റ്റ് ചെയ്യപ്പെട്ടവർ | അബ്കാരി | 35633 |
| | എൻ.ഡി.പി.എസ് | 9514 |
| കണ്ടുപിടിച്ച തൊണ്ടിമുതലുകൾ | സ്പിരിറ്റ് | 9525.350 ലിറ്റർ |
| | ചാരായം | 6996.965 ലിറ്റർ |
| | വിദേശമദ്യം | 62141.141 ലിറ്റർ |
| | കോട | 354106 ലിറ്റർ |
| | അരിഷ്ടം | 31198.265 ലിറ്റർ |
| | ബിയർ | 9660.280 ലിറ്റർ |
| | കള്ള് | 27739.350 ലിറ്റർ |
| | അന്യസംസ്ഥാനമദ്യം | 18519.705 ലിറ്റർ |
| | വ്യാജമദ്യം | 2207.640 ലിറ്റർ |
| | വിദേശ നിർമ്മിത വിദേശമദ്യം | 87.650 ലിറ്റർ |
| | വൈൻ | 4247.3 ലിറ്റർ |
| | നേർപ്പിച്ച സ്പിരിറ്റ് | 125.060 ലിറ്റർ |
| | മെഥിലേറ്റഡ് സ്പിരിറ്റ് | 230 ലിറ്റർ |
| | കഞ്ചാവ് | 2171.803 കി.ഗ്രാം |
| | കഞ്ചാവ് ചെടി | 2552 എണ്ണം |
| | കഞ്ചാവ് ലേഹ്യം | 125 ഗ്രാം |
| | കഞ്ചാവ് ബീഡി | 16 എണ്ണം |
| | കഞ്ചാവ് സിഗരറ്റ് | 87 എണ്ണം |
| | ഹാഷിഷ് | 12831.698 ഗ്രാം |
| | ഹെറോയിൻ | 524.08 ഗ്രാം |
| | ബ്രൗൺഷുഗർ | 300.86 ഗ്രാം |
| | എം.ഡി.എം.എ | 5.13 കി.ഗ്രാം |
| | എൽ.എസ്.ഡി. | 3.764 ഗ്രാം |
| | കൊക്കെയിൻ | 11.005 ഗ്രാം |
| | ചരസ് | 450.047 ഗ്രാം |
| | ഓപ്പിയം | 4818.062 ഗ്രാം |
| | പോപ്പി ചെടി പൗഡർ | 450 ഗ്രാം |

| | | |
|---|---|---|
| | മാന്ത്രിക കുമിൾ | 79 ഗ്രാം |
| | കോടീൻ ഫോസ്ഫേറ്റ് | 2.5 ലിറ്റർ |
| | ഡയസപാം | 152 ആംപ്യൂൾ |
| | പെന്റാസോസിൻ | 22 ആംപ്യൂൾ |
| | ബുപ്രിനോർഫിൻ | 27 ആംപ്യൂൾ |
| | മയക്ക് മരുന്ന് ഗുളികകൾ | 38753 |
| | അൽപ്രാസോലം | 15 ഗ്രാം |
| | മോർഫിൻ | 50 ഗ്രാം |
| | ആംഫീറ്റമിൻ | 21,910 ഗ്രാം |
| | ഗ്യാരോയിൻ | 11.5 ഗ്രാം |
| | നാർക്കോട്ടിക് പൗഡർ | 103 ഗ്രാം |
| വാഹനം | പരിശോധന | 6082370 എണ്ണം |
| | പിടിച്ചെടുത്തത് | 3109 എണ്ണം |

സെക്ഷൻ ഓഫീസർ